**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

റവന്യൂ വകുപ്പ്- മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി - കോവിഡ് 19 ബാധിച്ച് മരണപ്പെട്ട വ്യക്തിയെ ആശ്രയിച്ച കഴിയുന്ന ബി.പി.എൽ കുടുംബങ്ങൾക്ക് വിതരണം ചെയ്യുന്നതിനായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിച്ച് ഉത്തരവ്വ പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (ഡി.ആർ.എഫ്-എ) വകുപ്പ്**

G.O.(Rt)No.305/2022/RD തീയതി,തിരുവനന്തപുരം, 18/01/2022

---

പരാമർശം:- 1. 22.10.2021 തീയതിയിൽ സ.ഉ(കൈ).നം.203/2021/റ.വ ഉത്തരവ്

2. ലാന്റ് റവന്യൂ കമ്മീഷണറുടെ 15.01.22 ലെ എൽ-ആർ (എച്ച്) 1-4401/2021 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കോവിഡ് 19 ബാധിച്ച് മരണപ്പെട്ട/മരണപ്പെടുന്ന വ്യക്തിയെ ആശ്രയിച്ചു കഴിയുന്ന ബി.പി.എൽ കുടുംബങ്ങൾക്ക് പ്രതിമാസം 5000/- രൂപ വീതം ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ ( DBT) ആയി, ആദ്യസമാശ്വാസം ലഭിക്കുന്ന മാസം മുതൽ 3 വർഷ കാലയളവിലേക്ക് ( 36 മാസം) വ്യവസ്ഥകൾക്ക് അനുസൃതമായി ധനസഹായം നൽകുന്നതിന് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. ആയത് പ്രകാരം കോട്ടയം , കോഴിക്കോട് ,വയനാട്, പാലക്കാട്, ആലപ്പുഴ ,പത്തനംതിട്ട ജില്ലകളിലെ കുടുംബങ്ങൾക്ക് ധനസഹായം വിതരണം ചെയ്യുന്നതിനായി താഴെ പറയും പ്രകാരം ഫണ്ട് അനുവദിക്കുന്നതിന് ലാന്റ് റവന്യൂ കമ്മീഷണർ പരാമർ ശം ( 2 ) പ്രകാരം പ്രപ്പോസൽ സർക്കാരിൽ സമർപ്പിച്ചു.

| ക്രമ നം | ജില്ല | എണ്ണം | തുക |
|---|---|---|---|
| 1 | കോട്ടയം | 1 | 5000 |
| 2 | കോഴിക്കോട് | 292 | 14,60,000 |
| 3 | വയനാട് | 20 | 1,00,000 |
| 4 | പാലക്കാട് | 28 | 1,40,000 |
| 5 | ആലപ്പുഴ | 32 | 1,60,000 |
| 6 | പത്തനംതിട്ട | 25 | 1,25,000 |
| | ആകെ | 398 | 19,90,000 |

2. മേൽ വിഷയം സർക്കാർ പരിശോധിച്ചു . കോവിഡ് 19 ബാധിച്ച് മരണപ്പെട്ട വ്യക്തിയെ ആശ്രയിച്ച കഴിയുന്ന ബി.പി.എൽ കുടുംബങ്ങൾക്ക് വിതരണം ചെയ്യുന്നതിനായി കോട്ടയം ജില്ലാ കളക്ടർക്ക് 5000/- രൂപ , കോഴിക്കോട് ജില്ലാ കളക്ടർക്ക് 14,60,000/- രൂപ , വയനാട് ജില്ലാ കളക്ടർക്ക് 1,00,000/- രൂപ പാലക്കാട് ജില്ലാ കളക്ടർക്ക് 1,40,000/- രൂപ ആലപ്പുഴ ജില്ലാ കളക്ടർക്ക് 1,60,000/- രൂപ, പത്തനംതിട്ട ജില്ലാ കളക്ടർക്ക് 1,25,000/- രൂപ എന്നീ ക്രമത്തിൽ ആകെ 19,90,000/-രൂപ ( പത്തൊൻപത് ലക്ഷത്തി തൊണ്ണൂറായിരം രൂപ മാത്രം) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും അനുവദിച്ചു ഉത്തരവാകുന്നു

3. വിതരണത്തിന് ആവശ്യമായി വരുന്ന 19,90,000/-രൂപ ( പത്തൊൻപത് ലക്ഷത്തി തൊണ്ണൂറായിരം രൂപ മാത്രം) 2075-00-800-40 contribution to Chief Minister's Distress Relief Fund (NP) എന്ന ശീർഷകത്തിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T.P.80 അക്കൗണ്ടിൽ നിന്നും കോട്ടയം , കോഴിക്കോട് , വയനാട് , പാലക്കാട് , ആലപ്പുഴ ,

പത്തനംതിട്ട എന്നീ ജില്ലാ കളക്ടർമാരുടെ അക്കൗണ്ടിലേക്ക് മേൽ പ്രതിപാദിച്ച പ്രകാരം അനുവദിക്കുന്നതാണ്. .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

Sheela M

Deputy Secretary

കമ്മീഷണർ, ലാന്റ് റവന്യൂ , തിരുവനന്തപുരം

ജില്ലാ കളക്ടർ - കോട്ടയം , കോഴിക്കോട് , വയനാട് , പാലക്കാട് , ആലപ്പുഴ , പത്തനംതിട്ട

ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി ഖജാൻജി)

ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ബഹു. റവന്യൂവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

റവന്യൂവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്

ധനകാര്യ (ഫണ്ട്സ്) വകുപ്പ്

റവന്യൂ ( ഡി. ആർ.എഫ്- ബി,സി) വകുപ്പ്

വിവരപൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by Misha C P
Date: 18-01-2022 16:54:19
Reason: Approved

സെക്ഷൻ ഓഫീസർ